# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1323

03.12.15 ൽ - മറുപടിക്ക്

## റേഷൻ വിതരണം കാര്യക്ഷമമാക്കൽ

**ചോദ്യം**

ശ്രീ. വി.റ്റി. ബൽറാം
,, ഡൊമിനിക് പ്രസന്റേഷൻ
,, ആർ. സെൽവരാജ്
,, വി.പി. സജീന്ദ്രൻ :

(എ) റേഷൻ വിതരണം കൂടുതൽ കാര്യക്ഷമവും സുതാര്യവുമാക്കാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

**ഉത്തരം**

ശ്രീ. അനൂപ് ജേക്കബ്
(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി)

(എ) ഉണ്ട്. റേഷൻ വിതരണം കൂടുതൽ കാര്യക്ഷമവും സുതാര്യവുമാക്കാൻ വകുപ്പിൽ എൻഡ് ടു എൻഡ് കമ്പ്യൂട്ടറൈസേഷൻ നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ട്. റേഷൻകടകൾ പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിക്കുന്നതിനും റേഷൻകടകളിലെല്ലാം ഇലക്ട്രോണിക് പോയിന്റ് ഓഫ് സെയിൽ (ഇ-പോസ്) മെഷീനുകൾ സ്ഥാപിക്കുന്നതിനും റേഷൻ കടകളിൽ നടക്കുന്ന എല്ലാ ഇടപാടുകളും കമ്പ്യൂട്ടർവൽക്കരിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. റേഷൻ കടകളിൽ ഡോർ ഡെലിവറി മുഖേന റേഷൻ സാധനങ്ങൾ എത്തിക്കും. ഓരോ ഗുണഭോക്താവിനും റേഷൻസാധനങ്ങൾ വിതരണം ചെയ്യുമ്പോൾ തത്സമയം തന്നെ ഉദ്യോഗസ്ഥ തലത്തിലും പൊതുജനങ്ങൾക്കും വിവരങ്ങൾ ലഭ്യമാകത്തക്കവിധം ട്രാൻസ്പാരൻസി പോർട്ടൽ സജ്ജമാകുകയും ഒരു സുതാര്യമായ പരാതി പരിഹാര സംവിധാനം നിലവിൽ വരുകയും ചെയ്യും. ഒരോ മേഖലയിലേയും സ്റ്റോക്കിന്റെ സ്ഥിതി, റേഷൻ സാധനങ്ങൾ കൊണ്ടുപോകുന്ന വാഹനങ്ങളുടെ സഞ്ചാരം തുടങ്ങിയവ പോർട്ടലിലൂടെ തത്സമയം അറിയുന്നതിനായി ഒരു ഡിസിഷൻ സപ്പോർട്ട് സിസ്റ്റം നിലവിൽ വരികയും ഇപ്രകാരം സുതാര്യമായ ഒരു പൊതുവിതരണ സംവിധാനം നടപ്പിലാകുകയും ചെയ്യും.

| | | | |
|---|---|---|---|
| (ബി) | എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതു വഴി കൈവരിക്കാനുദ്ദേശിക്കുന്ന-തെന്ന് വിശദമാക്കുമോ; | (ബി) | പ്രധാനമായും 4 ലക്ഷ്യങ്ങളാണ് ഇതു വഴി കൈവരിക്കാനുദ്ദേശിക്കുന്നത്.<br><br>1. ഗുണഭോക്താക്കളുടെ വിവരങ്ങൾ പൂർണ്ണമായും ഡിജിറ്റൈസ് ചെയ്യുക<br><br>2. റേഷൻകടകളിൽ നേരിട്ട് റേഷൻ സാധനങ്ങൾ എത്തിക്കുന്നതിന് ഡോർ ഡെലിവറി സംവിധാനം നടപ്പാക്കുകയും അതോടനുബന്ധിച്ച് സപ്ലൈ ചെയിൻ മാനേജ്മെന്റ് സംവിധാനം നടപ്പാക്കുകയും ചെയ്യുക<br><br>3. റേഷൻകടകളിൽ ഇലക്ട്രോണിക് പോയിന്റ് ഓഫ് സെയിൽ (ഇ-പോസ്) സ്ഥാപിച്ച് കമ്പ്യൂട്ടർവൽക്കരിക്കുക.<br><br>4. സുതാര്യമായ പരാതിപരിഹാര സംവിധാനം സ്ഥാപിക്കുകയും സുതാര്യമായ പോർട്ടൽ സ്ഥാപിക്കുകയും ചെയ്യുക. |
| (സി) | പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ? | (സി) | പദ്ധതി നടപ്പാക്കുന്നതിനുവേണ്ടി ചീഫ് സെക്രട്ടറി തലത്തിൽ അപ്പെക്സ് കമ്മിറ്റി, ഭക്ഷ്യവകുപ്പ് സെക്രട്ടറി തലത്തിൽ സ്പെഷ്യൽ പ്രോജക്ട് ഇ-മിഷൻ ടീം, സിവിൽ സപ്ലൈസ് കമ്മീഷണർ തലത്തിൽ ടെക്നിക്കൽ കമ്മിറ്റി എന്നിവ രൂപീകരിക്കുകയും കൂടാതെ, ഒരു പ്രോജക്ട് ഇംപ്ലിമെന്റിംഗ് യൂണിറ്റ് സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ഡാറ്റാ ബേസ് കൈകാര്യം ചെയ്യുന്നതിന് ഒരു **Postgre SQL** ഡാറ്റാബേസ് വിദഗ്ദ്ധനെയും ഒരു സിസ്റ്റം അഡ്മിനിസ്ട്രേറ്ററേയും നിയമിക്കുകയും സിസ്റ്റം ഇന്റഗ്രേറ്ററായി കെൽട്രോണിനെ തെരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്. എല്ലാ താലൂക്ക് സപ്ലൈ ഓഫീസുകളിലും കമ്പ്യൂട്ടറുകളും നെറ്റ്‌വർക്കും ലഭ്യമാക്കുകയും തിരുവനന്തപുരം, എറണാകുളം ജില്ലകളിലെ ഏതാനും കടകളിൽ മോഡൽ പൈലറ്റ് പദ്ധതി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. |

Thulasi

*സെക്ഷൻ ഓഫീസർ*